# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 559** 25/10/2011-ൽ മറുപടിക്ക്

## ക്വിറ്റ് ഇന്ത്യാ സമരചരിത്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. മാത്യു റ്റി. തോമസ് :<br>" സി. കെ. നാണു : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ക്വിറ്റ് ഇന്ത്യാ സമരത്തെക്കുറിച്ച് സ്കൂൾ, കോളേജുതല വിദ്യാർത്ഥികളെ വിശദമായി പഠിപ്പിക്കുവാൻ നിലവിലുള്ള സിലബസിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടോ; | എ) | ക്വിറ്റ് ഇന്ത്യാ സമരത്തെക്കുറിച്ചുള്ള അധ്യായം 8-ാം ക്ലാസിലെ സാമൂഹ്യ ശാസ്ത്ര പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോളേജ് തലത്തെപ്പറ്റി വിവരം ശേഖരിച്ചു വരുന്നു. |
| ബി) | ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | 8-ാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ 'ഇന്ത്യൻ ദേശീയ പ്രസ്ഥാനം' എന്ന പേരിലുള്ള അധ്യായത്തിൽ ദേശീയ പ്രസ്ഥാനം രൂപപ്പെടുന്നതിനു മുൻപുള്ള സംഘടനകൾ, ദേശീയ പ്രസ്ഥാനത്തിന്റെ ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ, സ്വാതന്ത്ര്യവും വിഭജനവും തുടങ്ങിയ ആശയ മേഖലകൾ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ജാലിയൻ വാലാബാഗ്, നിസ്സഹരണ പ്രസ്ഥാനം, ഖിലാഫത്ത് പ്രസ്ഥാനം, ഉപ്പു സത്യാഗ്രഹം, ക്വിറ്റ് ഇന്ത്യാ സമരം എന്നിവയൊക്കെ പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിൽ 83, 84, 85 പേജുകളിലായി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കോഴിക്കോട്, മഹാത്മാ ഗാന്ധി,കേരള സർവ്വകലാശാലകളുടെ കോളേജ് തലത്തിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് ക്വിറ്റ് ഇന്ത്യാ സമര ചരിത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | ക്വിറ്റ് ഇന്ത്യ സമരനായകന്മാരായ ജയപ്രകാശ് നാരായണന്റെയും ഡോക്ടർ റാം മനോഹർ ലോഹ്യയുടെയും ജീവചരിത്രം സ്കൂൾ, കോളേജുതല സിലബസ്സിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | സി) | ജയപ്രകാശ് നാരായണന്റെ പ്രധാന പ്രവർത്തന മേഖലകൾ, അദ്ദേഹത്തിന്റെ 'സമ്പൂർണ്ണ വിപ്ലവം' എന്നിവ 10-ാം ക്ലാസ് പാഠപുസ്തകത്തിലെ 113-ാം പേജിൽ പ്രതിപാദിച്ചിട്ടുണ്ട്. കോളേജ് തലത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചിടത്തോളം സർവ്വകലാശാലകളുടെ അക്കാദമിക് സമിതിയാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ